**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1810** **15-03-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യ്ക്ക് പുതിയ ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. വാടകക്കെടുത്ത് സർവ്വീസ് നടത്തിയ ഇലക്ട്രിക് ബസ്സുകൾ ലാഭകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | 2018 നവംബർ മാസത്തിൽ വെറ്റ്ലീസ് അടിസ്ഥാനത്തിൽ 31 സീറ്റുള്ള എണ്ണം A/C ഇലക്ട്രിക് ബസ്സുകളാണ് M/s മഹാവോയേജ് എൽ.എൽ.പി എന്ന സ്ഥാപനത്തിൽ നിന്നും കെ.എസ്.ആർ.ടി.സി. ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ഈ ബസ്സുകൾ ഉപയോഗിച്ചുള്ള ദീർഘദൂര സർവ്വീസുകൾ ലാഭകരമായി നടത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ ടി ബസ്സുകൾ മുഴുവൻ M/s മഹാവോയേജിന്റെ പക്കലാണ്. ഇതിൽ രണ്ട് ബസ്സുകൾ കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് ആവശ്യപ്പെട്ട പ്രകാരം ടി സ്ഥാപനത്തിന് M/s മഹാവോയേജ് നൽകിയിരിക്കയാണ്. ആയതിനാൽ നിലവിൽ കെ.എസ്.ആർ.ടി.സിയിൽ ഇലക്ട്രിക് ബസ് സർവ്വീസ് നടത്തുന്നില്ല. എന്നാൽ സർക്കാർ സഹായത്തോടെ കൂടുതൽ ഇലക്ട്രിക് വാഹനങ്ങൾ വാങ്ങി ഓപ്പറേറ്റ് ചെയ്യുന്നതിന് തീരുമാനിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി. യ്ക്ക് ആകെ എത്ര സൂപ്പർ ക്ലാസ് സർവ്വീസ് ബസ്സുകളുണ്ടെന്നും ഇവയിൽ എത്രയെണ്ണം നിലവിൽ സർവ്വീസ് നടത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.റ്റി.സി.യ്ക്ക് 1738 സൂപ്പർ ക്ലാസ് ബസ്സുകൾ നിലവിലുണ്ട്. ലഭ്യമായ 1738 സൂപ്പർ ക്ലാസ് ബസ്സുകൾ ഉപയോഗിച്ച് 1069 സൂപ്പർ ക്ലാസ് സർവ്വീസുകൾ നടത്തിവരുന്നു. |
| (സി) | കെ.എസ്.ആർ.ടി.സി. പുതിയ ബസ്സുകൾ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ബസ്സുകളാണ് പുതുതായി വാങ്ങുന്നത്; നിലവിലുള്ള ബസ്സുകൾ സർവ്വീസ് നടത്താൻ കഴിയാതിരിക്കുന്ന സാഹചര്യമുണ്ടോ; ഇല്ലെങ്കിൽ പുതിയവ വാങ്ങേണ്ട സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ? | (സി) | 476 പുതിയ ബസ്സുകൾ വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. 20 എണ്ണം Semi Premium Fully Built AC – Seater ബസുകൾ വാങ്ങുന്നതിനും 8 എണ്ണം Premium Class Fully Built Multi Axle AC – Sleeper ബസുകൾ വാങ്ങുന്നതിനും 88 എണ്ണം Fully Built Non-AC Air Suspension ബസുകൾ വാങ്ങുന്നതിനും വിതരണ ഉത്തരവുകൾ നൽകി. മാർച്ച് മാസത്തോടുകൂടി നിരത്തിലിറക്കുവാനുണ് ഉദ്ദേശിക്കുന്നത്. KIIFB ധനസഹായ ത്തോടുകൂടി 50 ഇലക്ട്രിക് ബസുകളും |

| | | | |
|---|---|---|---|
| | | | 310 സി.എൻ.ജി. ബസുകളും വാങ്ങുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. സ്വീകരി ച്ചിട്ടുണ്ട്. 50 ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്. സി.എൻ.ജി. ബസുകൾ വാങ്ങുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. സർക്കാർ നിശ്ചയിച്ചിട്ടുള്ള കാലപരിധി പൂർത്തിയാകുന്ന സൂപ്പർ ക്ലാസ് ബസ്സുകൾ മാറ്റി നൽകുന്നതിന് പുതിയ ബസ്സുകൾ ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ ഹരിത ഇന്ധനം ഉപയോഗിക്കുന്ന പരിസ്ഥിതി സൗഹൃദ സി.എൻ.ജി, ഇലക്ട്രിക് ബസ്സുകൾ ലഭ്യമാക്കുന്നതിനുമാണ് കെ.എസ്.ആർ.ടി.സി പുതിയ ബസ്സുകൾ വാങ്ങുന്നത്. |

സെക്ഷൻ ഓഫീസർ